ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമ്മു രാജസ്ഥാനിലെ ജയ്സൽമേറിലെത്തി. ഇന്ത്യൻ വ്യോമ സേനയുടെ വായുശക്തി അഭ്യാസം രാഷ്ട്രപതി ഇന്ന് വീക്ഷിക്കും.

   **Droupadi Murmu arrived in Jaisalmer for a two-day visit. The President will witness the Indian Air Force's Exercise 'Vayu Shakti' .**

2. വികസിത ഭാരതത്തിനായി സാങ്കേതികവിദ്യ, പരിഷ്കാരങ്ങൾ, ധനകാര്യം എന്ന വിഷയത്തിലെ ബജറ്റാനന്തര വെബിനാർ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will address the Post Budget Webinar on "Technology, Reforms and Finance for Viksit Bharat" via video conferencing today.**

3. ഇന്ത്യ-ഇസ്രായേൽ സ്വതന്ത്ര വ്യാപാര കരാറിൻറെ ആദ്യ റൗണ്ട് ചർച്ചകൾ ന്യൂഡൽഹിയിൽ വിജയകരമായി പൂർത്തിയായി.

   **The first round of talks on the India–Israel Free Trade Agreement successfully concludes in New Delhi.**

4. നാലു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി ഇന്ന് മുംബൈയിൽ എത്തും.

**Canadian Prime Minister Mark Carney will arrive in Mumbai today for a four-day visit to India.**

5. ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാൻറ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി പങ്കെടുക്കും.

**Chief Minister Pinarayi Vijayan will inaugurate the Brahmapuram Compressed Biogas Plant today. Union Minister of State Suresh Gopi will attend the event.**

ഐ.സി.സി പുരുഷ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ സിംബാവയ്ക്കെതിരെ ഇന്ത്യയ്ക്ക് 72 റൺസ് ജയം.

**In the Super 8 stage of the ICC Men's Twenty20 World Cup cricket tournament, India defeated Zimbabwe by 72 runs.**

## PREZ – JAISALMER

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്നലെ രാജസ്ഥാനിലെ ജയ്സൽമേറിലെത്തി. ഇന്ന് ഇന്ത്യ-പാകിസ്ഥാൻ അതിർത്തിക്കടുത്തുള്ള പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ ഇന്ത്യൻ വ്യോമ സേനയുടെ വായുശക്തി അഭ്യാസം രാഷ്ട്രപതി വീക്ഷിക്കും. ഇന്ത്യൻ വ്യോമസേനയുടെ വിവിധ വിമാനങ്ങൾ അവയുടെ പ്രവർത്തന ശേഷി പ്രദർശിപ്പിക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, മുഖ്യമന്ത്രി ഭജൻലാൽ

ശർമ്മ എന്നിവരും പങ്കെടുക്കും. രാജ്യത്തെ തദ്ദേശിയ ലൈറ്റ് കോംപാക്ട് ഹെലികോപ്റ്റർ പ്രചന്ദിൽ യാത്ര ചെയ്ത ശേഷമാകും രാഷ്ട്രപതി പരിപാടി വീക്ഷിക്കാൻ എത്തുക.

❁❁❁❁❁❁❁❁❁❁❁❁❁

## VICE PRESIDENT

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ്റെ 57-ാമത് ബിരുദദാന ചടങ്ങ് ഇന്ന് ന്യൂഡൽഹിയിൽ നടക്കും. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ മുഖ്യാതിഥിയാകും. കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അധ്യക്ഷത വഹിക്കും. IIMC-യിലെ പുതിയ അക്കാദമിക്, ഹോസ്റ്റൽ ബ്ലോക്കുകളുടെ തറക്കല്ലിടലും ഇതോടൊപ്പം നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM - WEBINAR

വികസിത ഭാരതത്തിനായുള്ള സാങ്കേതികവിദ്യ, പരിഷ്കാരങ്ങൾ, ധനകാര്യം എന്ന വിഷയത്തിൽ ഇന്ന് നടക്കുന്ന ബജറ്റാനന്തര വെബിനാർ പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യും. പൊതു മൂലധനം, അടിസ്ഥാന സൗകര്യ വികസനം, ബാങ്കിംഗ് മേഖലയിലെ പരിഷ്കാരങ്ങൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കും. 2026-27 ലെ കേന്ദ്ര ബജറ്റിനെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന

ബജറ്റാനന്തര വെബിനാർ പരമ്പരയിലെ ആദ്യത്തേതാണിത്. ബജറ്റ് പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ വെബിനാർ ലക്ഷ്യമിടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## PM VISIT MISRI (INTRO)

ഭൗമ ഭൗതിക പര്യവേക്ഷണം, സംസ്കാരം, മത്സ്യബന്ധനം, യുപിഐ, വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ മേഖലകളിൽ ധാരണാപത്രങ്ങൾ കൈമാറി ഇന്ത്യയും ഇസ്രയേലും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവും തമ്മിൽ നടന്ന പ്രതിനിധി തല ചർച്ചകൾക്ക് ശേഷമാണ് ധാരണാപത്രങ്ങൾ കൈമാറിയത്. ആഴത്തിലുള്ള വിശ്വാസം, ജനാധിപത്യ മൂല്യം എന്നിവയിലധിഷ്ഠിതമാണ് ഇന്ത്യ- ഇസ്രയേൽ ബന്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംയുക്ത പത്രസമ്മേളനത്തിൽ പറഞ്ഞു. ഇസ്രായേൽ ഭീകരാക്രമണത്തെയും, പഹൽഗാം ഭീകരാക്രമണത്തെയും ഇരു നേതാക്കളും അപലപിച്ചു. ഇന്ത്യൻ വംശജരായ ജൂത സമൂഹവുമായും പ്രധാനമന്ത്രി സംവദിച്ചു. പ്രധാനമന്ത്രിയുടെ ഇസ്രയേൽ സന്ദർശനം വിജയകരമായിരുന്നു എന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ചരിത്രപരമായ ബന്ധം സവിശേഷ തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായും

വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്........)

രണ്ടു ദിവസത്തെ ഇസ്രയേൽ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ന്യൂഡൽഹിയിൽ തിരിച്ചെത്തി.

## INDIA ISRAEL FTA NEGOTIATIONS

ഇന്ത്യ-ഇസ്രായേൽ സ്വതന്ത്ര വ്യാപാര കരാറിൻറെ ആദ്യ റൗണ്ട് ചർച്ചകൾ ന്യൂഡൽഹിയിൽ വിജയകരമായി പൂർത്തിയായി. നാല് ദിവസത്തെ ചർച്ചയ്ക്കാണ് ഇന്നലെ സമാപനമായത്. ചരക്കു-സേവനം, വ്യാപാരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ, കസ്റ്റംസ് നടപടിക്രമങ്ങൾ, ബൗദ്ധിക സ്വത്തവകാശം, ഡിജിറ്റൽ വ്യാപാരം, ഉൾപ്പെടെയുള്ളവ ചർച്ച ചെയ്തു.

## CANADA PM VISIT

നാലു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി ഇന്ന് മുംബൈയിൽ എത്തും. അദ്ദേഹത്തിൻറെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. അടുത്ത രണ്ട് ദിവസം പ്രത്യേക വ്യാപാര ചർച്ചകളിൽ പങ്കെടുക്കുന്ന അദ്ദേഹം, ഇന്ത്യാ-കാനഡ സിഇഒമാർ, വ്യാവസായിക-സാമ്പത്തിക വിദഗ്ധർ, നൂതനാശയ വിദഗ്ധർ,

അധ്യാപകർ തുടങ്ങിയവരുമായി സംവദിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. മാർച്ച് 1 ന് മാർക്ക് കാർണി ന്യൂഡൽഹി സന്ദർശിക്കും. ഹൈദരാബാദ് ഹൗസിൽ,പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പ്രതിനിധിതല ചർച്ചകൾ നടത്തും.

## DGCA

വിമാനയാത്രക്കാർക്ക് ആശ്വാസകരമായ പരിഷ്കാരങ്ങളുമായി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ. ടിക്കറ്റ് ബുക്കിംഗ്, റദ്ദാക്കൽ, പേര് തിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങളിലാണ് പ്രധാന മാറ്റങ്ങൾ വരുത്തിയിരിക്കുന്നത്. ടിക്കറ്റ് ബുക്ക് ചെയ്ത് 48 മണിക്കൂറിനുള്ളിൽ അധിക നിരക്കില്ലാതെ മാറ്റങ്ങൾ വരുത്താനുള്ള 'ലുക്ക്-ഇൻ' സൗകര്യവും, 14 പ്രവൃത്തി ദിവസത്തിനുള്ളിൽ റീഫണ്ട് ഉറപ്പാക്കലും പുതിയ പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നു. എയർലൈൻ വെബ്സൈറ്റുകൾ വഴി ബുക്ക് ചെയ്യു യാത്രക്കാർക്ക് ടിക്കറ്റിലെ പേരിൽ തിരുത്തൽ ആവശ്യമുണ്ടെങ്കിൽ, 24 മണിക്കൂറിനുള്ളിൽ സൗജന്യമായി തിരുത്താനും സൗകര്യമുണ്ടാകും.

## SEBI REGULATIONS

സമൂഹ മാധ്യമങ്ങളിൽ ഓഹരി വിപണിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവെയ്ക്കുമ്പോൾ പേരും രജിസ്ട്രേഷൻ നമ്പറും വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ച് സെബി. സെബിയുടെ കീഴിലുള്ള സ്റ്റോക്ക് ബ്രോക്കർമാർ, മ്യൂച്വൽ ഫണ്ടുകൾ, ഏജന്റുമാർ തുടങ്ങിയവർക്ക് പുതിയ നിയമം ബാധകമാണ്. മെയ് ഒന്ന് മുതൽ പരിഷ്കാരം പ്രാബല്യത്തിൽ വരും. വ്യാജവാർത്തകളും അംഗീകാരമില്ലാത്ത ഉപദേശങ്ങളും തടയുന്നതിൻ്റെ ഭാഗമായാണ് നീക്കം.

❁❁❁❁❁❁❁❁❁❁❁❁❁

## WB – VOTER LIST PUBLICATION

പശ്ചിമ ബംഗാളിലെ അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. സുപ്രീം കോടതി നിർദ്ദേശപ്രകാരമാണ് നടപടിയെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നിലവിൽ 7 കോടി എട്ട് ലക്ഷം വോട്ടർമാരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 58 ലക്ഷത്തോളം പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതേസമയം, വോട്ടർമാരെ കൂട്ടത്തോടെ ഒഴിവാക്കിയെന്ന മുഖ്യമന്ത്രി മമത ബാനർജിയുടെ ആരോപണം കമ്മീഷൻ തള്ളി.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA – SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര്

ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

## CM-BRAHMAPURAM

ജൈവമാലിന്യം സംസ്കരിച്ച് കംപ്രസ്ഡ് ബയോഗ്യാസും ജൈവവളവും ഉത്പാദിപ്പിക്കുന്ന എറണാകുളം ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാൻറ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. മന്ത്രി എം.ബി രാജേഷ് അധ്യക്ഷനാവും. മന്ത്രി പി രാജീവ്, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തുടങ്ങിയവർ പങ്കെടുക്കും. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്തെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഭൂമിയിലാണ് പ്ലാൻറ് സ്ഥാപിച്ചിരിക്കുന്നത്.

## THALIYOLA (INTRO)

കേരളത്തിലെ പതിന്നാലാം നൂറ്റാണ്ടു മുതൽക്കുള്ള ഭരണപരമായ താളിയോല രേഖകൾ ഒരുമിച്ചു സംരക്ഷിച്ചു സൂക്ഷിക്കുന്നതിന് തിരുവനന്തപുരത്ത് ആരംഭിച്ച

ആർക്കൈവ്സ് ആന്റ് ഹെറിറ്റേജ് സെന്ററിന്റെ ഉദ്ഘാടനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവഹിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....***

***(വോയിസ്)***

## ATTUKAL PONGALA

ആറ്റുകാൽ പൊങ്കാല കഴിഞ്ഞ് മടങ്ങുന്ന തീർത്ഥാടകർക്കായി തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ഇത്തവണ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സ്റ്റേഷനിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലാണ് യാത്രക്കാരുടെ പ്രവേശനത്തിന് മാറ്റം വരുത്തിയിരിക്കുന്നത്. മുൻവർഷങ്ങളിൽ കിഴക്കേകോട്ട ഭാഗത്ത് നിന്നുള്ളവർ ഉപയോഗിച്ചിരുന്ന പവർ ഹൗസ് റോഡിലെ കവാടത്തിലൂടെ ഇത്തവണ പ്രവേശനം അനുവദിക്കില്ല. ട്രെയിൻ പുറപ്പെടുന്ന സമയത്തിനനുസരിച്ച് മാത്രമേ യാത്രക്കാരെ അകത്തേക്ക് പ്രവേശിപ്പിക്കൂ.

## ELEPHANT-ATTACK

കണ്ണൂർ ആറളം ഫാമിൽ കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ മരിച്ചു. പത്താം ബ്ലോക്കിലെ അനീഷ് ആണ് മരിച്ചത്. ഇന്ന് പുലർച്ചയാണ് ആക്രമണം ഉണ്ടായത്.

## CRICKET

ഐ.സി.സി പുരുഷ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ 8 ഗ്രൂപ്പ് 1 ൽ സിംബാവയെ 72 റൺസിന് പരാജയപ്പെടുത്തി ഇന്ത്യ. ചെന്നെ എം എ ചിദംബരം സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ ഉയർത്തിയ 257 റൺസ് വിജയലക്ഷ്യം പിന്തുടർന്ന സിംബാവേയ്ക്ക് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 184 റൺസ് നേടാനേ സാധിച്ചുള്ളൂ. ഇന്ത്യയ്ക്കായി ഹർഷ്ദീപ് സിങ് മൂന്ന് വിക്കറ്റുകൾ വീഴ്ത്തി. ഞായറാഴ്ച നടക്കുന്ന മത്സരത്തിൽ ഇന്ത്യ വെസ്റ്റ് ഇൻഡീസിനെ നേരിടും.

## PARADIP PORT

പാരദീപ് തുറമുഖത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ബോട്ട് ജെട്ടി വികസിപ്പിക്കുന്നതിന് തുറമുഖ, ഷിപ്പിംഗ്, ജലപാതാ മന്ത്രാലയം അംഗീകാരം നൽകി. 797 കോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി നിർമ്മാണ-പ്രവർത്തന-കൈമാറ്റ കരാർ അടിസ്ഥാനത്തിൽ പാരദീപ് പോർട്ട് അതോറിറ്റിയാണ്

നടപ്പിലാക്കുന്നത്. ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം നിക്ഷേപം പ്രോത്സാഹിപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി സഹായിക്കുമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു.